# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2464

06.12.2018 ൽ മറുപടിക്ക്

### ഈസ് ഓഫ് ഡൂയിങ് ബിസിനസ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി ഏതൊക്കെ നിയമങ്ങളാണ് നിലവിൽ ഭേദഗതി ചെയ്തിട്ടുള്ളത്; | (എ) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കേരളത്തെ നിക്ഷേപ സൗഹൃദ മാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു വ്യാവസായ സൗഹൃദ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമായിരുന്നു. അതിനായി പഠനം നടത്തുകയും, വിവിധ വകുപ്പുകളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി, താഴെപ്പറയുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു.<br>1. കേരള പഞ്ചായത്ത് ആക്ട് -1994<br>2. കേരള മുൻസിപ്പാലിറ്റി ആക്ട് -1994<br>3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട്- 2013<br>4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് -2002<br>5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് -1978<br>6. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്- 1960<br>7. കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്-1999. |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ നിയമങ്ങളാണ് ഇനിയും ഭേദഗതി ചെയ്യുവാനോ മാറ്റുവാനോ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് വിവിധ വകുപ്പുകളിലെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ്-2018" നിലവിൽ വന്നത്. നിലവിൽ മറ്റു നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളില്ല. |

സെക്ഷൻ ഓഫീസർ